**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1038.

08.01.2014-ലെ മറുപടിയ്ക്ക്

## ടൂറിസം മേഖലയ്ക്കുള്ള അധിക കേന്ദ്രസഹായം.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. ആർ.സെൽവരാജ് | | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ടൂറിസം പദ്ധതി നടത്തിപ്പിലെ മികവ് കണക്കിലെടുത്ത് അധിക കേന്ദ്ര സഹായം അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ടൂറിസം മേഖലയിലെ പദ്ധതി നടത്തിപ്പിലെ പ്രവർത്തന മികവ് കണക്കിലെടുത്ത് കേന്ദ്രധനസഹായത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2011-12-ൽ 23.75 കോടി രൂപയുടെയും, 2012-13-ൽ 62.28 കോടി രൂപയുടെയും കേന്ദ്രസഹായം അനുവദിച്ചിട്ടുണ്ട്. |
| (ബി) | കേന്ദ്രസർക്കാരിന്റെ ഏതൊക്കെ പദ്ധതി നടത്തിപ്പിനാണ് മികവ് കാട്ടിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | കാപ്പിൽ ബീച്ചിന്റെ വികസനം, കോഴിക്കോട് സരോവരം തീരം, അഷ്ടമുടി ലേക്ക് സർക്യൂട്ട്, നിള ടൂറിസം സർക്യൂട്ട്, സർഗ്ഗാലയ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിലെ വികസന പദ്ധതികൾ തുടങ്ങിയ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെയുള്ള പദ്ധതി നടത്തിപ്പിൽ മികച്ച നിലവാരം പുലർത്തുന്നവയാണ്. |
| (സി) | പദ്ധതി നടത്തിപ്പുവഴി ഏതെല്ലാം വിനോദസഞ്ചാരമേഖലകൾക്കാണ് ഗുണം ലഭിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കുമോ? | (സി) | കോഴിക്കോട് തീരദേശ ടൂറിസം മേഖല, ആലപ്പുഴ തീരദേശ ടൂറിസം മേഖല, കോവളം വിനോദ സഞ്ചാര മേഖല, വർക്കല വിനോദ സഞ്ചാര മേഖല, നിള ടൂറിസം മേഖല തുടങ്ങിയ കേരളത്തിന്റെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട പ്രദേശങ്ങൾക്ക് ഗുണപരമായ വളർച്ച ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ